# സെൻറ് മേരീസ് എച്ച് .എസ്സ്.എസ്സ്
# തീക്കോയി

## ഡിജിറ്റൽ മാഗസിൻ 2019-2020

# ഫോക്കസ്

# ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യയുടെ അതിപ്രസരണമാണല്ലോ ഇന്ന് എല്ലാ രംഗങ്ങളിലും കണ്ടു വരുന്നത്.കുട്ടികളിലുള്ള വൈദിഗ്ധ്യവും അഭിരുചിയും കണ്ടെത്തി ഗുണപരവും സർഗാത്മകമായ പ്രവർത്തനങ്ങളിലൂടെ നയിച്ച് ഓരോ കുട്ടിക്കും അനിയോജ്യമായ മേഖല തിരഞ്ഞെടുത്ത് വളരുന്നതിനുള്ള പരിശീലനമാണ് ലിറ്റിൽ കൈറ്റ് ക്ലബ്ബിലൂടെ നൽകപ്പെടുന്നത്.ഇതോടൊപ്പമുള്ള അധികപ്രവർത്തനങ്ങൾ കുട്ടികളെ നൂതനസാങ്കേതിക ലോകത്തേക്ക് കൈപിടിച്ച് ഉയർത്തുന്നു. ലിറ്റിൽകൈറ്റ് ക്ലബ്ബിന്റെ ഈ വർഷത്തെ ആദ്യ പ്രവർത്തനമായ ഡിജിറ്റൽ മാഗസിൻ **'ഫോക്കസ്'** സമർപ്പിക്കുന്നു.

# ഫോക്കസ്

# നമ്മുടെ വിദ്യാലയം



# നമ്മുടെ ഹെഡ്മാസ്റ്റർ



## ഉള്ളടക്കപ്പട്ടിക

ഒറ്റയ്ക്ക് തിന്നല്ലേ.....!.....7
ശ്രേഷ്ഠമായ ഗുരു-ശിഷ്യ ബന്ധം.....8
പശ്ചാത്താപം.....11
മുത്തശ്ശി കഥ.....13
കർഷകനും രത്നങ്ങളും.....15
ഒരു വാക്ക്.....16
മഹാത്മാഗാന്ധി.....19
ബുദ്ധിമാനായ കാക്ക.....20
മിന്നുവും പൂമ്പാറ്റയും.....22
കുരുവിയും കാട്ടുത്തീയും.....23
വർഷ ബൈജു IXB.....23
ഉപ്പുകൃഷി.....31
സൗന്ദര്യലഹരി.....34
കുറുക്കന്റെ കൗശലം.....35
തുടിതാളം തേടി.....36
കിട്ടാത്ത മുന്തിരി പുളിക്കും.....25
കിളിയും കുട്ടിയും.....26
ചിലന്തിയുടെ ഗുണപാഠം.....28
പ്രകൃതിയും മരം വെട്ടുകാരനും.....29
വെള്ളം പാഴാക്കരുത്.....30

# ഒറ്റയ്ക്ക് തിന്നല്ലേ.....!



ഡോൺ ജോബി IXB

കൊതിയനായ ഒരു ഉറുമ്പായിരുന്നു കിട്ടൻ.ഒരു ദിവസം കിട്ടൻ ഒരു വലിയ കേക്കുകഷണം കിട്ടി.ആർക്കും കൊടുക്കാതെ മുഴുവൻ തിന്നണം.അവൻ അത് മാളത്തിലേയ്ക്കു കൊണ്ടു പോകാൻ നോക്കി.

ഈ സമയം കിട്ടൻെറ കൂട്ടുകാർ അതു വഴി വന്നു.നമ്മുക്കിതു കൂട്ടിലെത്തിച്ചു തിന്നാം.അവർ പറഞ്ഞു

പെട്ടെന്നു ഒരു കാക്കപ പറന്നു വന്ന് കേക്കുകഷണം തട്ടിയെടുത്ത് ഒറ്റ പറക്കൽ !

കൂട്ടുകാർ പറഞ്ഞതു കേട്ടാൽ മതിയായിരുന്നു.

കിട്ടൻ വിചാരിച്ചു. !!!!!!!

# ശ്രേഷ്ഠമായ ഗുരു-ശിഷ്യ ബന്ധം



ആയുഷ് എസ് IX C

ആർഷ ഭാരത സങ്കൽപ്പമനുസരിച്ച് മാതാ-പിതാ-ഗുരു ദൈവം എന്നാണ് സങ്കൽപ്പം. ഗുരുകുല സമ്പ്രദായത്തിൽ ഗുരുവിനോടൊപ്പം താമസിച്ച് ഗുരുവിനുവേണ്ട സഹായ സഹകരണങ്ങൾ ചെയ്തായിരുന്നു വിദ്യ അഭ്യസിച്ചിരുന്നത്. വിറക് വെട്ടിയും വെള്ളം കോരിയും അടുക്കളജോലി ചെയ്തും ഒരംഗത്തെപ്പോലെ കഴിഞ്ഞിരുന്നു. എന്നാൽ വിദേശാധിപത്യം വന്നുകഴിഞ്ഞപ്പോൾ ഇംഗ്ലീഷ് വിദ്യാഭ്യാസവും വൈദേശിക സംസ്കാരവും ഇവിടെ നടപ്പാക്കപ്പെട്ടു.

ഏകലവ്യനെപ്പോലുള്ളവർ ഗുരുവിന് കൈവിരൽ മുറിച്ച് ദക്ഷിണ കൊടുത്ത പാരമ്പര്യം നമുക്കുണ്ട്. വിദ്യാഭ്യാസം ഒരു കച്ചവടച്ചരക്കാക്കി ഇന്നത്തെ തലമുറ മുന്നോട്ട് നീങ്ങുമ്പോൾ ഗുരു

ശിഷ്യ ബന്ധവും ഇല്ലാതാകുന്നു. ഈശ്വര ചിന്തയും സദാചാര ബോധവും ധാർമ്മിക തത്വസംഹിതകളും ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്.

ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം പവിത്രമാണ്. ഗുരുവിനെ അനുസരിച്ച് ചിട്ടയായ ദിനചര്യയിലും ഈശ്വരവിശ്വാസത്തിലും ജീവിക്കുന്നവർക്കേ ജീവിൽ വിജയം കൈവരിക്കാൻ കഴിയൂ. ഇന്നത്തെ യുവതലമുറ സാമൂഹിക തിന്മകളുടെ പിന്നാലെയാണ്. സിനിമകൾ, മൊബൈൽ ഫോണിന്റെ ദുരുപയോഗം എന്നിവ വഴി പഠനതാൽപ്പര്യം കുറയുകയും സമയം പാഴാക്കുകയും ചെയ്യുന്നു. ഇത്തരം കുറവുകൾ പരിഹരിച്ച് ഗുരു കാട്ടിത്തരുന്ന വഴി തിരിച്ചറിഞ്ഞ് ലക്ഷ്യത്തിലെത്തിച്ചേരാൻ നമുക്ക് പരിശ്രമിക്കാം.

**********************

# പശ്ചാത്താപം



എയ്ഞ്ചൽ മരിയ IX B

മിന്നാരമലയിൽ ഒരു പുന്നാരക്കിളി ഉണ്ടായിരുന്നു. അവൾ തൻറ കൂട്ടിൽ ഒൻപത് പുന്നാരമുട്ടകൾ ഇട്ടു. മുട്ടകൾ വിരിഞ്ഞു ഒൻപത് പുന്നാരക്കുഞ്ഞുങ്ങൾ പുറത്തു വന്നു. പുന്നാരക്കിളി തീറ്റതേടാൻ പോകുന്നതിനുമുൻപ് കുഞ്ഞുങ്ങളോടായി പറഞ്ഞു,കാറ്റ് വന്ന് വിളിച്ചാലും, മലവന്നു വിളിച്ചാലും,കഴുകമ്മ വന്നു പല്ലിളിചാലും തലപുറത്തിടരുത്.കുഞ്ഞുങ്ങൾ അമ്മയെ അനുസരിച്ചുപോന്നു.ഒരു ദിവസം കഴുകമ്മ വന്നു കുഞ്ഞുങ്ങളെ, എൻെറ കൂടെ വരും

ഞാൻ നിങ്ങളെ എൻെറ ചിറകിൻമേൽ കൊണ്ടുപോകാം,പുഴകളും,മലകളും കാണിക്കാം കഴുകമ്മയുടെ വാക്കിൽ കുഞ്ഞുങ്ങൾ വീണുപോയി.അവർ അമ്മയുടെ

വാക്കുമറന്ന്, സ്നേഹം മറന്ന്  കഴുകമ്മയുടെ കൂടെ പോയി.പുഴയും,മലയും കടന്ന് അവസാനം അവർ ഒരും ഇരുട്ടു ഗുഹയിൽ എത്തി.ഗുഹയിൽ പക്ഷികളുടെ അവശിഷ്ടങ്ങളും,എല്ലുകളും കണ്ട് അവർ പേടിച്ചു വിറച്ചു. കഴുകമ്മയുടെ രൂപം മാറി.അവൾ നഖങ്ങൾ നീട്ടികുഞ്ഞുങ്ങളുടെ അടുത്തേക്ക് വന്നു.

പുന്നാരകുഞ്ഞുങ്ങൾ ഭയന്നു.അവർ പുന്നാരയമ്മയെ ഓർത്തു. പാവം പുന്നാരയമ്മ മക്കളെ കാണാതെ കരഞ്ഞു. അവൾ പുന്നാരകളെ കൂട്ടി കഴുകമ്മയുടെ ഗുഹയിലേക്ക് വന്നു. പുന്നാരക്കളുടെ വരവ് കണ്ട് കഴുകമ്മ പേടിച്ചുപോയി. അവൾ പറന്നുപോയി.  പുന്നാരയമ്മ മക്കളുടെ അടുത്തയ്ക്കു വന്നു അവർ അമ്മയോട് ക്ഷമ ചോദിച്ചു .അമ്മ അവർക്ക് ഉമ്മ കൊടുത്തു.

# മുത്തശ്ശി കഥ



ബേസിൽ സ്ററാൻലിIX B

ഒരിടത്ത് ഒരു രാജാവ് ജീവിച്ചിരുന്നു. അദ്ദേഹത്തിന് ഒരു മകനും. അവൻ ഒരിക്കലും കരഞ്ഞിരുന്നില്ല. അവന്റെ പേര് അലൻമാക്സ് എന്ന് ആയിരുന്നു. ഒരിക്കൽ അദേഹം മരിച്ചു. ആ നാട്ടുകാർക്ക് ആ രാജാവിനെ വലിയ ഇഷ്ടമായിരുന്നു. അതിന്റെ അടയാളമായി അ നാട്ടുക്കാർ അ രാജാവിന്റെ ശില്പം നഗരതിന്റെ നടുവിൽ വാനോളം ഉയർത്തി സഥാപിച്ചു.ആ നാട്ടിൽ പല രോഗങ്ങളും സമ്പതിക സഹാവും വേണമായിരുന്നു.

അപ്പോഴാണ് ഈജപ്ത്തിൽ നിന്ന് പാലായനം ചെയ്ത് ഒരു പക്ഷി അ ശില്പ്പച്ചുവട്ടിൽ വന്ന് ഇരുന്നത്.ഉറങ്ങിയിരിക്കെ അ പക്ഷിയുടെ ദേഹത്ത് കണ്ണിർ തുള്ളി വിണു.പഷ്കി ഉണർന്ന് നോക്കുമ്പോൾ ആ രാജാവ് കരയുന്നു.ആ പക്ഷിയോട് അ രാജാവ് കേണപേക്ഷിച്ചു എന്നെ സഹായിക്കണമെന്ന്.

അവസാനം അ പക്ഷി രാജാവിൻ്റെ അപേക്ഷയ്ക്ക് താണ്ട കൊട്ടുത്തു.അവൾ അ രാജാവിനെ സഹായിച്ചു.അവസാനം അ ശില്പ്പത്തിന് ഭംഗി പോയി എന്ന് പറഞ്ഞ് അ നാട്ടിലെ യുവാക്കൾ അത് തകർത്തു.



# കർഷകനും രത്നങ്ങളും



അലൻമോൻ ജിൻസ് IX A

പണ്ട് പണ്ട് തോമസ് ചേട്ടൻ എന്ന ഒരാൾ ജീവിച്ചിരുന്നു.അയാൾ ഒരു പാവമായിരുന്നു. അയാൾ മീൻ പിടുത്തവും പറമ്പിൽ പണിയുമായി ജീവിക്കുകയായിരുന്നു.അപ്പോൾ അയാളുടെ തൂമ്പ ഒരു കുടത്തിൽ തട്ടി.അയാൾ അത് എടുത്തു നോക്കി.ഒരു ചെമ്പ് കുടം ആയിരുന്നു അത്.അതിൽ നിറയെ രത്നങ്ങൾ ആയിരുന്നു.അയാൾ അത് രാജാവിനെ ഏൽപ്പിച്ചു. അയാൾക്ക് രാജാവ് ആ രത്നത്തിൻെറ കാൽ ഭാഗം കൊടുത്ത് പറഞ്ഞയച്ചു.

# ഒരു വാക്ക്



Ameersha V.

ഏകനായി നടന്നവൻ
വിദ്യാലയ പടിക്കലെത്തി
സ്നേഹിക്കാനോ സ്നോഹിക്കപ്പെടാനോ
ആരുമില്ലാത്തൊരാക്കുഞ്ഞ്

അമ്മതൻ ചാരേക്കിടന്നുറങ്ങാനോ
അച്ഛന്റെ വാത്സല്യം അനുഭവിക്കാനോ
കഴിയാതാക്കുരുന്നിന് മുമ്പിൽ
ജീവിതമെന്ന താളിൽ ഇരുളിമമാത്രം


ഈ താളിലണയാത്തിരിനാളം
തന്ന ഗുരു ദൈവ തുല്യനായി
കണ്ണിൽ തിളങ്ങുമാരൂപം
സ്നേഹവും വാത്സല്യവും നൽകി

പരിചരിച്ച ജീവിത വിജയ- പരാജ

യങ്ങളിൽ കൂടെ നിൽക്കും ഗുരു

ദൈവത്തെക്കണ്ടിട്ടുണ്ടോയെന്ന

ചോദ്യത്തിനുത്തരമൊന്നുമാത്രമല്ലോ ഗുരു.




# മഹാത്മാഗാന്ധി



മിഥുൻ വി.വി.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് ഇന്നേക്ക് 72 വർഷമായി. നമുക്ക് സ്വാതന്ത്ര്യം നേടിത്തരാൻവേണ്ടി മഹാത്മാഗാന്ധി ഒരുപാട് കഷ്ടപ്പെട്ടു. ബ്രിട്ടീഷുകാർ കൊന്നും കൊല്ലിച്ചും ഇന്ത്യാക്കാരെ ഭയപ്പെടുത്തി ഭരിച്ചു. അവരുടെ ഏതു നിയമങ്ങൾ അനുസരിക്കാനും നമ്മൾ നിർബ ന്ധിതരായി. ബ്രിട്ടീഷുകാരുടെ അതിക്രമങ്ങൾക്കും അനീതികൾക്കുമെ തിരെ അണിചേരാൻ

ഗാന്ധിജി ജനങ്ങളെ ആഹ്വാനം ചെയ്തു. പോരാട്ടങ്ങൾക്കായി സത്യാഗ്രഹം പോലുള്ള സമരമാർഗങ്ങൾ സ്വീകരിച്ചു. ബോംബയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ ജവഹർ ലാൽ നെഹ്റു ക്വിറ്റ് ഇന്ത്യ പ്രമേയം അവതരിപ്പിച്ചു. ക്വിറ്റ് ഇന്ത്യ എന്ന മുദ്രാവാക്യം ഈ സമരത്തിന് ആവേശമായി. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ഗാന്ധിജിയുടെ സമരാഹ്വാനം ജനങ്ങൾ ഏറ്റെടുത്തു. ആഗസ്റ്റ്-ന് ക്വിറ്റ് ഇന്ത്യാ ദിനമായി ആചരിക്കുന്നു.

സ്വാതന്ത്ര്യത്തിനുവേണ്ടി ധീരപോരാട്ടങ്ങൾ നടത്തിയ നേതാക്കളിൽ ചിലരാണ് ജവഹർലാൽ നെഹ്റു, ഭഗത് സിംഗ്, സരോജിനി നായിഡു, ബാലഗംഗാധരതിലക് എന്നിവർ. ഇതുപോലുള്ള നിരവധി ധീരദേശാഭിമാനികളുടെ ത്യാഗപൂർണമായ സഹനസമരങ്ങളുടെ ഫലമായാണ് ഇന്ത്യ സ്വതന്ത്രയായത്.

********************

# ബുദ്ധിമാനായ കാക്ക



**റിയ ബിജു IXC**

ഒരിക്കൽ ഒരു കാക്ക ആകാശത്തിലൂടെ ദാഹിച്ച് പറക്കുകയായിരുന്നു കുറെ പറന്നു എവിടെയും വെള്ളം കണ്ടില്ല.പെട്ടന്ന് താഴെ ഒരു കലം കണ്ടു.അങ്ങോട്ട് കാക്ക പറന്ന് ചെന്നു നോക്കി ആ കലത്തിൽ ഇത്തിരി വെള്ളം ഉണ്ടയിരുന്നു. ഈ വെള്ളം കുടിക്കാം എന്ന് കാക്ക വിചാരിച്ചു .പക്ഷേ വെള്ളം അടിയിലായിരുന്നു ഉണ്ടായിരുന്നത്.കുറച്ച് ചിന്തിച്ചു കഴിഞ്ഞപ്പോൾ കാക്കയ്ക്ക് ഒരു ബുദ്ദി ഉദ്ദിച്ചു .കാക്ക അടുത്ത് കുറെ കല്ലുകൾ കണ്ടു .ആ കല്ലുകൾ ഓരോന്നായി കൊത്തി കാക്ക കലത്തിലെ വെള്ളിൽ ഇടാൻ തുടങ്ങി.പെട്ടെന്ന് വെള്ളം ഉയർന്നു കാക്ക ആ വെള്ളം കുടിച്ച് സംതൃപ്തിയോടെ പറന്നകന്നു......

# മിന്നുവും പൂമ്പാറ്റയും



അമിത്ത് റോയി IX B

മിന്നുക്കുട്ടിയുടെ അമ്മയ്ക്ക് നല്ലൊരു പച്ചക്കറിത്തോട്ടം ഉണ്ടായിരുന്നു. സ്കൂൾവിട്ട് വന്നാൽ മിന്നു അമ്മയ്ക്ക് ഒപ്പം ചെടികൾ നനയ്ക്കാൻ കൂടും. ഒരു ദിവസം മിന്നു കാരറ്റ് ചെടികൾക്ക് വെള്ളമൊഴിക്കുകയായിരുന്നു. അപ്പോഴതാ ഒരു പൂമ്പാറ്റ! അയ്യോ! പാവം പൂമ്പാറ്റ അതിന് തേൻ കുടിക്കാൻ ഇവിടെ ഒരു പൂച്ചെടി പോലുമില്ല. മിന്നുവിനു സങ്കടമായി. അവൾ പിറ്റേന്ന് തന്നെ ഒരു കൂട്ടുകാരിയുടെ കൈയിൽ നിന്ന് കുറച്ചു പൂചെടിതൈകൾ വാങ്ങി. എന്നിട്ട്,അത് നട്ട് വെള്ളവും വളവും നൽകി.കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ചെടികളെല്ലാം നല്ല പൂക്കളുണ്ടായി. ഇതു കണ്ട പൂമ്പാറ്റ പറന്നുവന്നു.വയറു നിറയെ തേൻ കുടിച്ച പൂമ്പാറ്റ മിന്നുവിന് നന്ദി പറഞ്ഞു പറന്നു പോയി.



# കുരുവിയും കാട്ടുത്തീയും



**വർഷ ബൈജു IXB**

കാട്ടിൽ തീ പടർന്നു. പക്ഷികളും മൃഗങ്ങളും ജിവനുവേണ്ടി പരക്കം പാഞ്ഞു. ഒത്തിരി മൃഗങ്ങൾ കാട്ടുതീയിൽ വെന്തുമരിച്ചു .ഈ സമയത്ത് ഒരു കുരുവി, പുഴയിൽ നിന്നും കൊച്ചുചുണ്ടിൽ വെള്ളം നിറച്ച് ആളിക്കത്തുന്ന കാട്ടുതീ കെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു കുരുവി ഇത് പലതവണ ആവർത്തിച്ചു. ഇതു കണ്ട മഴദേവൻ കുരുവിയെ പരിഹസിച്ചു കൊണ്ടു ചോദിച്ചു . "നീ എന്തു മണ്ടത്തരമാണ് കാണിക്കുന്നത് ? ഇത്തരിപ്പോന്ന നിനക്ക് ഈ കാട്ടുതീ കെടുത്താനാവുമോ ? “

കുരുവി പറഞ്ഞു : "ഈ കാട്ടുതീ ഒത്തിരി മൃഗങ്ങളുടെയും പക്ഷികളുടെയും ജീനെടുക്കുന്നത് കാണുന്നില്ലേ ? അങ്ങേയക്ക് ശക്തമായ ഒരു മഴകൊണ്ട് ഈ കാട്ടുതീ അണയ്ക്കാം. ഞാൻ[i] എനിക്ക ആവുന്നത് ചെയ്യുന്നു". ഇത്രയും പറഞ്ഞു കുരുവി തൻെറ ജോലി തുടർന്നു. തീ തൻെറ ജിവനെടുക്കും വരെ.

# എരിയും കേരളം



ഉമർ IX B

പാട്ടും പുഴകളും തോട്ടും- മോടി
കൂട്ടും മലരണിക്കാട്ടും
നീളേ കളകളം പാട്ടും- കാട്ടും-
ചോലയുമാമണിമേട്ടും
വെള്ളിയരഞ്ഞാണംപോലേ- ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീലമലയും- നീളേ
കോരിത്തരിക്കും വയലും
പീലിനിവർത്തിനിന്നാടും- കൊച്ചു
കേരമരതകത്തോപ്പും
നീളേ കുളിരൊളി തിക്കി- എപ്പേ
കേരളമെത്രയോ ഭംഗി

# കിട്ടാത്ത മുന്തിരി പുളിക്കും



ജോസഫ് ബേബി IXB

ഒരു കട്ടിൽ ഒരു കുറുക്കൻ ഉണ്ടായിരുന്നു.ഒരു ദിവസം അവൻ നടക്കാൻ  ഇറങ്ങി അങ്ങനെ നടന്ന് നടന്ന് ഒരു

നാട്ടിലെത്തി.അവിടെ ഒരു മുന്തിരി തോട്ടം കണ്ടു.അവന് കൊതിയായി

അവൻ അത് പറിക്കാൻ ശ്രമിച്ചു.പക്ഷേ അവന് സാധിച്ചില്ല. അതുകൊണ്ട് ഈ മുന്തിരിക്ക് പുളിയാണ് എന്ന്പറഞ്ഞ് അവൻ ഒഴിഞ്ഞ് മാറി തിരിച്ച് കട്ടിലേയ്ക്ക് നടന്നു



# കിളിയും കുട്ടിയും



അലീന മരിയ തോമസ് IX C

ഒരു മരത്തിൽ ഒരു കിളിക്കൂട് അതിൽ ഒരു അമ്മയും രണ്ടു മക്കളും ഉണ്ടായിരുന്നു .ഒരു ദിവസം അമ്മക്കിളി മക്കളെ പറക്കാൻ പഠിപ്പിക്കുകയായിരുന്നു.അപ്പോൾ പെട്ടെന്ന് ഒരു കിളിയെ പറക്കാൻ പഠിപ്പക്കുന്ന സമയത്ത് കിളികൂട്ടിൽ നിന്ന് നിലത്ത് വീണു. ആ വഴി ഒരു കുട്ടി നടന്ന് വന്നപ്പോൾ ആ കിളിയെ കണ്ടു. കുട്ടി കിളിയെ എടുത്ത് വീട്ടിൽ കൊണ്ടുപോയി.കിളിയുടെ ചിറകിൽ പൊട്ടൽ കണ്ടതുകാരണം അതിൽ മരുന്ന് വെച്ച് കെട്ടി.ദിവസം കഴിയവേ, ആ കിളിയുടെ ചിറക് പതിയെ ശരിയായി.

ആ കിളിയെ മനസ്സിലാക്കാനായി കാലിൽ ഒരു ചുമന്ന വളയം ഇട്ടു കൊടുത്തു എന്നിട്ട് സന്തോഷത്തോടെ പറത്തി

വിട്ടു.ആ കുട്ടി ഒരിക്കൽ തോട്ടത്തിലൂടെ നടന്ന് പോകുമ്പോൾ ഒരു പട്ടം കണ്ട് തിരി-ഞ്ഞപ്പോൾ എതിരെ ഒരു പാമ്പ് വരുന്നതായി കുട്ടി കണ്ടു. ആ കുട്ടി  പേടിച്ച് ഭയന്ന് നിന്നപ്പോൾ എവിടുന്നോ ഒരു കിളി ആ പാമ്പിനെ ആക്രമിക്കുന്നതായികണ്ടു. പാമ്പും കിളിയും ചത്തു.

പെട്ടെന്ന് ആ കുട്ടിയുടെ കണ്ണിൽ ആ കിളിയുടെ കാലിലെ ചുവന്ന വട്ടം കാണാൻ ഇടയായി. ആ കുട്ടി കിളിയുടെ അടുത്ത് ചെന്ന്.

ആ കിളിയെ എടുത്ത് നോക്കി.അവൾ വിചാരിച്ചു താൻ പണ്ട് രക്ഷിച്ച ആ കിളി ആണല്ലോ എന്ന് വിചാരിച്ച് അവൾ ആ കിളിയെ എടുത്ത് പൊട്ടി കരയുകയണ്.

# ചിലന്തിയുടെ  ഗുണപാഠം



ആൽബിൻ മാത്യു IX B

ഒരു പട്ടണത്തിൻെറ രാജാവായിരുന്ന  ചൾസ്. ചൾസിൻെറ രാജ്യത്ത് സ മാധാനം നിലനിന്നിരുന്നു.ഒരു ദിവസം ശത്രുവായ ലിയൊ

വലിയൊരു സൈന്യവുമായി വന്നു യുദ്ധം ചെയ്യ്തു. ചാൾസ് തോറ്റോടി ഒരു  ഗുഹയിൽ അഭയം തേടി.അവിടെ ഒരു ചിലന്തി വലനിർമ്മിക്കുന്നത് ശ്രദ്ധിച്ചു. തൻെറ വലതകർന്നാലും അത് വിണ്ടും പണിയും പിന്നെയും തകരും പിന്നയുംപണിയും ഇങ്ങനെ തുടർന്നുകൊണ്ടിരുന്നു.ചാൾസ് ഉടനെ എഴുന്നേററ് ഒരു ചെറിയ സൈന്യത്തേ ശേഖരിച്ച് ലിയൊയോട് തുടരെ തുടരെ യുദ്ധം ചെയ്യ്ത് ആ രാജ്യത്തേ പിടിച്ചടക്കി തൻെറ സിംഹാസനം ഉറപ്പിച്ച് ഭരണം  തുടർന്നു.

# പ്രകൃതിയും മരം വെട്ടുകാരനും





റോഷൻ ഹാരിസ് IX C

ഒരിടത്ത് ഒരു മരംവെട്ടുകാരൻ ഉണ്ടായിരുന്നു

അയാൾ മരങ്ങൾ വെട്ടിക്കൊണ്ടെയിരുന്നു

ഒരു കാടിനെ മുഴവൻ അയാൾ വെട്ടിനശിപ്പിച്ചു

ഒരു നാൾ അയാൾ മരങ്ങൾ നൊക്കിയിറങ്ങിയപ്പോൾ അവിടെ കിളികൾ

ചത്തുകിടക്കുന്നതു കണ്ടു താൻ മരങ്ങൾ വെട്ടി നശിപ്പിക്കുന്നതിലൂടെ ജിവികളുടെ വാസസ്ഥലവും പൊഴി താൻ ചെയ്ത്ത് ശിക്ഷക്ക് പരിഹാരമായി കുറെ ഏറെ മരത്തൈകൾ നട്ട് അയാൾ പരിഹാരം ചെയ്തു



# വെള്ളം പാഴാക്കരുത്......



ആൽബി മാർട്ടിൻ IX C

ഒരു നാൾ ഒരു കുട്ടി റോടിലൂടെ നടന്നു പൊവുകയായിരുന്നു. അപ്പോൾ അവൻ മററുള്ളവർ ചെയ്യുന്നതു കണ്ട് അവനും പുഴയിൽ വേസ്റ്റ് നിക്ഷേപിച്ചു. ഒരു ദിവസം രാവിലെ അവൻ കലം നോക്കിയപ്പോൾ വെള്ളം ഇല്ല .അവൻ വളരെ നിരാശനായി .വെള്ളത്തിനായി അവൻ അല്ലാ ഇടവും തിരക്കി .പക്ഷേ അവന് ഒരുതുള്ളിപോലുംകണ്ടെത്താനായില്ല. അപ്പോൾ അവൻ ഓർത്തു താൻ വെള്ളം മലിനമാക്കിയതുകാരണം താൻ ചെയ്യുത് പാപം ആണെന്ന് അവന് തിരിച്ചറിവുണ്ടായി ഇനി താൻ വെള്ളം മലിനമാക്കില്ലെന്ന് അവൻ തീരുമാനം എടുത്തു



# i<u>ഉപ്പുകൃഷി</u>



***മുഹമ്മദ് റിസ് വാൻ 9c***

പണ്ടു പണ്ട് അറേബ്യയിൽ അമീർ എന്നും സമീർ എന്നും പേരുള്ള രണ്ടു സഹോദരമ്മാർ താമസിച്ചിരുന്നു.ഒരു കൃഷിക്കാരന്റെ മക്കളായിരുന്നു അവർ.

കൃഷിക്കാരൻ മരിച്ചതോടെ കൃഷി നോക്കിനടത്തേണ്ട ജോലി സമീറിനും അമീറിനുമായി.എന്നാൽ അവർ എങ്ങനെയൊക്കെ കൃഷി ചെയ്തിട്ടും വിളവ് കിട്ടിയില്ല.ആളുകൾ അവരെ നോക്കി കളിയാക്കാൻ തുടങ്ങി.ഒരു ദിവസം സമീർ അമീറിനോട് പറഞ്ഞു''നമുക്ക് നന്നായി വിളവ് കിട്ടുന്ന വല്ല കൃഷിയും നടത്തണം.ഇല്ലെങ്കിൽ വീട് പട്ടിണിയാവും''.പക്ഷെ എന്തു കൃഷിയാണ് നമ്മൾ നടത്തുക.അമീർ ചോദിച്ചു.സമീറിന് ഉത്തരമില്ലായിരുന്നു.അന്നു രാത്രി അവർ ഭക്ഷണം തയ്യാറാക്കുമ്പോഴാണ് അക്കാര്യം ശ്രദ്ദിച്ചത്-ഉപ്പ് തീർന്നിരി ക്കുന്നു!ഇനി ചന്തയിൽ പോകാൻ സമയമില്ല.അടുത്ത വീട്ടിൽ ചെന്നു ചോദിച്ചപ്പോൾ അവർക്കുള്ള ഉപ്പു മാത്രമേ ആ വീട്ടിലും ഉണ്ടായിരുന്നുള്ളൂ.അന്നു രാത്രി അമീർ സമീറിനോട് പറഞ്ഞു;സമീർ,ഏറെ ലാഭമുണ്ടാക്കുന്ന ഒരു കൃഷിയുണ്ട് ഉപ്പ് കൃഷി!ഉപ്പ് അറേബ്യയിൽ എവിടെയും കൃഷി

ചെയ്യുന്നില്ല.അന്യനാട്ടിൽ നിന്നു വരുന്നതുകൊണ്ടാണ്അതിന് ഇത്ര വില.നമുക്ക് ഉപ്പു കൃഷി ചെയ്താലോ?അതു തന്നെയാണ് നല്ല കൃഷി രീതിയെന്ന് സമീറിനും തോന്നി.ഉപ്പ്,കടൽ വെള്ളം വറ്റിച്ചുണ്ടാക്കു-
ന്നതാണെന്നൊന്നും അവർക്കറിയില്ലായിരുന്നു. പിറ്റേ ദിവസം സമീറും അമീറും ചേർന്ന്ചന്തയിൽ നിന്ന് പത്തു ചാക്ക് നല്ലയിനം ഉപ്പുവാങ്ങി,നിലമുഴുത് ആ ഉപ്പ് വിതച്ചു.അന്നു മുതൽ അവർ വെള്ളം ഒഴിച്ചും കള പറിച്ചുമൊക്കെ
ഉപ്പുകൃഷി നന്നായി പരിചരിച്ചു.അങ്ങനെ കുറേ ദിവസം കഴിഞ്ഞു.ഉപ്പ് വിതച്ച വയലിൽ ചില മുളകൾ പൊട്ടിത്തുടങ്ങി.കുറേ ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ വചിത്രമായചില ചെടികൾ വളരാൻ തുടങ്ങി. "അതേതോ കാട്ടുചെടികളാ.ഉപ്പ് വിതച്ചിടത്ത്അല്ലാതെന്ത് വളരാനാ?'' നാട്ടുകാർ വളരെ കളിയാക്കി.പക്ഷെ,സമീറും അമീറും അതൊന്നും കേട്ടില്ല.ഇരുവരും ചെടികളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

നാട്ടുകാർ കടന്നു പോയി.വയലിലെ ചെടികളിൽ കൊച്ചുകൊച്ചു മണികൾ പോലുള്ള കായികളുണ്ടായി.ആ കതിരുകൾക്കുള്ളിലായിരിക്കും ഉപ്പ്!സമീറും അമീറും വചാരിച്ചു. ഒരു ദിവസം സമീറും അമീറും വയൽക്കര-
യിൽ നിൽക്കുകയായിരുന്നു അപ്പോൾ അതുവഴിപോയ ഒരു വ്യാപാരി അവർക്കടുത്തേക്ക് ചെന്നു,എന്നിട്ട് പറഞ്ഞു;"ഇത് മുന്തിയ ഇനം ബാർലിയാണ്.ഇത് ഞാൻ എടുക്കാം,നല്ല വിലയും

തരാം.''അയാൾ പറഞ്ഞത് സമീറും അമറും തലകുലുക്കി സമ്മതിച്ചു.അവർ പ്രതീക്ഷിച്ചതിലും വലിയവിലയാണ് ആ കച്ചവടക്കാരൻ നൽകിയത്. അവർക്കൊന്നും മനസ്സിലായില്ല.അപ്പോഴാണ്വൃദ്ധനായ ഒരു കൃഷിക്കാരൻ അങ്ങോട്ടു വന്നത്.അയാൾ അവരോട് നടന്നതെന്താണെന്ന് പറയാൻ തുടങ്ങി. "നിങ്ങളുടെ പിതാവ് വിതച്ച ബാർലി വിത്തുകൾ മണ്ണിൽ പുതഞ്ഞു കിടന്നിരുന്നു.ബാർലിക്ക് ഏറ്റവും അനിയോജ്യമായ ഉപ്പ് കിട്ടിയപ്പോൾ വിത്തുകൾ തഴച്ചുവളർന്നു,അങ്ങനെയാണ് നിങ്ങൾക്ക് നല്ല വിളവ് കിട്ടിയത്.ശുഭപ്രതീക്ഷയോടെ കഠിനാധ്വാനം ചെയ്താൽ തീർച്ചയായും ഫലമുണ്ടാകും.''അതു കേട്ട് സമീറിനും അമീറിനും സന്തോഷമായി. അവരെ കളിയാക്കിയവർ പിന്നീട് ഒരക്ഷരം പോലും മിണ്ടിയില്ല.

# സൗന്ദര്യലഹരി



**റ്റോംസൺ തോമസ്**

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മു
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടം
ഇത്തരം സൗന്ദരം ഞാൻ നുകരാൻ തുടങ്ങിയിട്ട്
ഏറെ കാലമായി എന്നിട്ടും തീർന്നിലേ !
ഓരോരോ ദിവസവും ചാരുതയെന്നീ
ലോകഗോളത്തെപ്പുതുക്കുന്നുളത്തെപ്പുതുക്കുന്നു.
പൂർവദിങ്മുഖത്തിങ്കല് സിന്ദൂരം പൂശി-
പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;
മുലമെട്ട് വാരി വാനിങ്കല് വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യയും;
വാനിലുല്ലസിച്ചിട്ടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കല് കുളിച്ചെത്തിടും രജനിയും;-
ജീവിതത്തെ മധുരിപ്പിച്ചീടുന്നു ! കുളിർത്തമണിത്തെന്നല്
സൗരഭോന്മാദം പൂണ്ടു തളിർത്ത തരുക്കളെത്തഴുകിത്തളരവേ
ഉജ്ജീവിക്കു,ജീവിക്കു, കെ, ന്നുദ്ബോധിപ്പിപ്പൂ നിത്യം.

# കുറുക്കൻെറ കൗശലം



റിസ്വാൻ കെ. ഇജാസ് IX B

ഒരു ദിവസം ഒരു കാക്കക്ക് ഒരു അപ്പം കിട്ടി.അതുമായി കാക്ക ഒരു മരക്കൊബിൽ ഇരുന്നു.അപ്പോൾ അതുവഴി വന്ന ഒരു കൊതിയൻ കുറുക്കൻ വന്നു.കുറുക്കന് അപ്പം കണ്ടപ്പോൾ കൊതിവന്നു.കുറുക്കൻ കാക്കയോട് പറഞ്ഞു.ഒരു പാട്ട് പാടാമോ.കാക്ക വാതുറന്നപ്പോൾ തന്നെ കാക്കയുടെ വായിലിരുന്ന അപ്പം താഴേ വീണു.



# തുടിതാളം തേടി

ബെൻചമിൻ ജെ.ആലാനി IX B



നമ്മുടെ  മാതാവ്-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ
റോടീക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം